# സർക്കുലർ

നമ്പർ :1687/ഡി1-എസ്റ്റാ/2016/എൻ.സി.സി   തീയതി :   12   മാർച്ച് 2018

വിഷയം: എൻ.സി.സി എസ്റ്റാ - സർക്കാർ ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപി ക്രമങ്ങൾ, സർവീസ് സംബന്ധമായ വിഷയങ്ങൾ തുടങ്ങിയവ മലയാളത്തിലായിരിക്കണ മെന്നുള്ള ഉത്തരവു സംബന്ധിച്ച്:-

സൂചന : 30.01.2018-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര(ഔദ്യോഗിക ഭാഷാ വകുപ്പിന്റെ സ.ഉ (അച്ചടി) നമ്പർ 2/2018/ഉ.ഭ.പ.വ സർക്കാർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സർക്കാരിന്റെ ഭരണഭാഷാ നയമനുസരിച്ച് ഔദ്യോഗിക രംഗത്തുള്ള കത്തിടപാടുകളിൽ ഭരണഭാഷയായ മലയാളം തന്നെ ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുന്നു. ആയതിനാൽ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടി ക്രമങ്ങൾ, ജീവനക്കാർക്ക് നൽകുന്ന മെമ്മോകൾ, സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും, നിയമന ഉത്തരവുകളും ഉൾപ്പെടെയുള്ള സർവീസ് സംബന്ധിച്ച വിഷയങ്ങളെല്ലാം പൂർണമായും മലയാളത്തിലായിരിക്കണമെന്ന് ഇതിനാൽ അറിയിക്കുന്നു.

(ഷാനി എസ്.ജെ)
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
സംസ്ഥാന വിവരാവകാശാധികാരി

1. എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് മുഖേന യൂണിറ്റുകൾക്കും വേണ്ടി.
2. എസ്റ്റാബ്ളിഷ്മെന്റ് എല്ലാ സെക്ഷനുകൾക്കും.

**കേരള സർക്കാർ**

**(സംഗ്രഹം)**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് - ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗതീരുമാനം സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വയംഭരണ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, സർവ്വീസ് സംബന്ധമായ വിഷയങ്ങൾ തുടങ്ങിയവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

സ.ഉ(അച്ചടി) നമ്പർ. 2/2018/ഉഭപവ തിരുവനന്തപുരം, തീയതി 30/01/2018

---

പരാമർശം:- 1. 13.01.2015-ലെ സ.ഉ (അച്ചടി) നം. 2/2015/ഉഭപവ നമ്പർ വിജ്ഞാപനം.
2. 13/01/2015-ലെ സ.ഉ (അച്ചടി) നം. 3/2015/ഉഭപവ നമ്പർ വിജ്ഞാപനം
3. 26.04.2017-ലെ സ.ഉ.(അച്ചടി)നം.6/2017/ഉഭപവ, നമ്പർ ഉത്തരവ്,
4. 01.08.2017-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കേരളസർക്കാരിന്റെ ഭരണഭാഷാനയം സർവ്വമേഖലകളിലും നടപ്പിലാക്കുന്നതിലേയ്ക്കും ഔദ്യോഗികരംഗത്ത് ഭരണഭാഷയായ മലയാളം ഉപയോഗിക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനുമായി 01.08.2017-ന് ബഹു.ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷസംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിൽ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്ന് ബഹു.ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു. അതിനാൽ സെക്രട്ടറിയേറ്റ് ഉൾപ്പെടെയുള്ള സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല/സ്വയംഭരണ/ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കെതിരെയുള്ള അച്ചടക്കനടപടിക്രമങ്ങൾ, ജീവനക്കാർക്കുനൽകുന്ന മെമ്മോകൾ, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും നിയമന ഉത്തരവുകളും ഉൾപ്പെടെയുള്ള സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ എന്നിവ പൂർണ്ണമായും മലയാളത്തിലായിരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
ടി.ഒ.സൂരജ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/
സ്പെഷ്യൽ സെക്രട്ടറിമാർക്കും സെക്രട്ടേറിയറ്റിലെ ധനകാര്യം,
നിയമം ഉൾപ്പെടെ എല്ലാ വകുപ്പുകളിലെ സെക്ഷനുകൾക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ വകുപ്പ് മേധാവികൾക്കും
സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖല/അർദ്ധസർക്കാർ/ സ്വയംഭരണ/സഹകരണ
സ്ഥാപനങ്ങളുടെ തലവൻമാർക്ക് വെബ് & മീഡിയ വിഭാഗം/
പ്രസ് റിലീസ് വിഭാഗം/ വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

16/2/2018 D1 1330